പയാമെ ഇൻസാനിയത്ത്

# രാജ്യം സ്വതന്ത്രമായി, മനസ്സുകളും സ്വതന്ത്രമാക്കുക.!

മുൻഗാമികളായ രാജ്യസ്നേഹികൾ ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന് കഠിനമായ ത്യാഗപരിശ്രമങ്ങൾ ചെയ്തു. അവരെല്ലാവരും നമ്മുടെ സ്നേഹാദരങ്ങൾക്ക് അർഹരാണ്. ഇന്ത്യയുടെ മാത്രമല്ല, ലോക ചരിത്രത്തിലെ തന്നെ അത്ഭുതരവും മാതൃകാപരവുമായ അദ്ധ്യായമാണ് ഇന്ത്യൻ സ്വാതന്ത്ര്യ സമരം. വളരെ അനുഗ്രഹീതമായ ഒരു സേവനമാണ് അവർ ചെയ്തത്. പക്ഷെ, ഒരു കാര്യം പറയാൻ നിങ്ങളെന്നെ അനുവദിക്കണം. രാജ്യം സ്വതന്ത്രമാകുന്നതിനോട് കൂടി രാജ്യനിവാസികളുടെ മനസ്സുകളും സ്വതന്ത്രമാകേണ്ടതായിരുന്നു. അതെ, രാജ്യത്തിന്റെ അടിമത്വം പോലെ മനസ്സുകൾക്കും അടിമത്വം ഉണ്ടാകാറുണ്ട്. വിദേശത്ത് നിന്നുമുള്ള ശക്തികൾ വന്ന് അധികാരം പിടിച്ചടക്കുകയും ഇവിടുത്തെ ഗുണങ്ങൾ അവരുടെ നാട്ടിലേക്ക് കൊണ്ടുപോകുകയും ചെയ്യലാണ് രാജ്യത്തിന്റെ അടിമത്വം. മനസ്സുകളുടെ അടിമത്വമെന്നാൽ, ദുരുദ്ദേശമുള്ള ആളുകൾ ജനങ്ങളുടെ മനസ്സുകളും മസ്തിഷ്കങ്ങളും പിടിച്ചടക്കുകയും, അക്രമത്തോടും അനീതിയോടും പണത്തിനോടും ആർത്തിയുണ്ടാക്കലും മാനവികതയുടെ മൂല്യങ്ങൾ ഇല്ലാതാക്കുകയും ചെയ്യലാണ്.

രാജ്യ സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള പരിശ്രമങ്ങൾ വളരെ മഹത്തരവും യഥാ സമയത്തുള്ളതുമായിരുന്നു. എന്നാൽ അതോടൊപ്പം ഇവിടുത്തെ ജനങ്ങളുടെ മനസ്സുകളെ സ്വാതന്ത്ര്യമാക്കാനുള്ള പരിശ്രമവും അത്യാവശ്യമായിരുന്നു. ദൗർഭാഗ്യവശാൽ അത് നടത്തേണ്ടത് പോലെ നടത്തപ്പെട്ടിട്ടില്ല. മനസ്സ് സ്വതന്ത്രമാകാതെ ശരീരം മാത്രം സ്വതന്ത്രമാകൽ കൊണ്ട് ഗുണമില്ലെന്ന് മാത്രമല്ല പലപ്പോഴും അപകടകരവുമാണ്. ധാരാളം ജനങ്ങൾ ശരീരത്തിന്റെ വിഷയത്തിൽ സ്വതന്ത്രരാണെങ്കിലും മനസ്സിന്റെ വിഷയത്തിൽ സ്വതന്ത്രരാകാത്തതിനാൽ അവർ സ്വയം പല പ്രശ്നങ്ങളിൽ അകപ്പെടുകയും മറ്റുള്ളവരെ പ്രശ്നത്തിലേക്ക് തള്ളിയിടുകയും ചെയ്തതായി ചരിത്രത്തിൽ കാണാൻ കഴിയും.

**മനസ്സിന്റെ അടിമത്വം കൂടുതൽ അപകടകരം.!**

അക്രമങ്ങൾ വിദേശികൾ മാത്രമല്ല നടത്തുന്നത്. സ്വദേശികളും പലപ്പോഴും അക്രമങ്ങൾ നടത്താറുണ്ട്. പുറത്തുള്ളവർ മാത്രമേ അക്രമങ്ങൾ നടത്തുകയുള്ളൂ എന്നത് നമുക്കുണ്ടായ വലിയൊരു തെറ്റിദ്ധാരണയാണ്. അതുകൊണ്ടുതന്നെ വിദേശികൾ വല്ല അക്രമവും ചെയ്താൽ നാം അതിനെ കുറിച്ച് അക്രമമെന്ന് പറഞ്ഞ് അലമുറയിടും. എന്നാൽ നമ്മിൽ പെട്ടവർ വല്ല അക്രമവും കാണിച്ചാൽ നാം അതിനെ ന്യായീകരിക്കുകയും സുന്ദരമായ പേര് നൽകി പലപ്പോഴും അഭിമാനിക്കുകയും ചെയ്യുന്നതാണ്.

ഹാ, കഷ്ടം.! അക്രമങ്ങൾ നമ്മുടെ പതിവായിപ്പോയി. പലപ്പോഴും നമ്മുടെ ആവേശമായി മാറി. നമ്മുടെ മനസ്സും പ്രകൃതിയും അക്രമത്തിലേക്ക് തിരിഞ്ഞു. അനീതി, നമ്മുടെ അടയാളമായി. പണത്തെ നാം അങ്ങേയറ്റം ആദരിക്കുന്നു, അതിനെ എല്ലാമെല്ലാമായി കാണുന്നു. സ്വന്തം സഹോദരനോ അദ്ദേഹത്തിന്റെ സമ്പത്തോ നമുക്ക് ഒന്നുമല്ല. മാതാപിതാക്കൾക്കും മക്കൾക്കും പണത്തിന് മുന്നിൽ വിലയില്ല. ഓർക്കുക, ഇത് നമുക്കും നമ്മുടെ നാടിനും നാട്ടുകാർക്കും ഒരുപോലെ നാശമാണ്. നിങ്ങളെന്നോട് മാപ്പാക്കുകയും എന്നെ തെറ്റിദ്ധരിക്കാതിരിക്കുകയും ചെയ്യണമെന്ന് അപേക്ഷിച്ചുകൊണ്ട് ഒരു കാര്യം തുറന്ന് പറയട്ടെ; മനസ്സിന്റെ അടിമത്വം രാജ്യത്തിന്റെ അടിമത്വത്തെക്കാൾ മഹാ മോശമാണ്.! നാം രാജ്യത്തെ മോചിപ്പിച്ചു. തീർച്ചയായും മോചിപ്പിക്കണമായിരുന്നു. പക്ഷെ, ജനതയെയും മനസ്സിനെയും മോചിപ്പിക്കേണ്ടതും മസ്തിഷ്കത്തെ കഴുകി ശുദ്ധീകരിക്കേണ്ടതും പാപത്തോടും പണത്തോടുമുള്ള താല്പര്യത്തെ എടുത്ത് കളയലും വലിയൊരാവശ്യമായിരുന്നു. അത് നാം ചെയ്യുകയോ അതിനെ കുറിച്ച് ചിന്തിക്കുകയോ ചെയ്തിട്ടില്ല.

**അക്രമം ആര് ചെയ്താലും അക്രമം തന്നെയാണ്.!**

അക്രമത്തിലേക്ക് നീങ്ങുന്ന ഒരു ഇന്ത്യക്കാരന്റെ കരം, വിദേശിയും അക്രമിയുമായ ഒരു ജർമ്മൻകാരന്റെയും ഫ്രഞ്ചുകാരന്റെയും ഇംഗ്ലീഷുകാരന്റെയും കൈപോലെ തന്നെ പാപപങ്കിലമാണ്. ഈ രണ്ട് കരങ്ങൾക്കിടയിൽ വിവേചനം കല്പിക്കുന്നത് വ്യക്തമായ അനീതിയാണ്.

ഒരു കാര്യം നാം നന്നായി മനസ്സിലാക്കുക: ഇംഗ്ലീഷ് സംസാരിക്കുന്നവർ എന്നതിന്റെ പേരിൽ മാത്രമല്ല, നാം ബ്രിട്ടീഷുകാരെ

എതിർത്തത്. അവരുടെ അക്രമങ്ങൾ കാരണമായിട്ടാണ് അവരോട് നാം പോരാടിയത്. അവർ ചെയ്ത നന്മകളെ നന്മകളായി തന്നെ നാം അംഗീകരിക്കേണ്ടതാണ്. പലരും ബ്രിട്ടീഷുകാർ ചെയ്ത നന്മകളെ പോലും നിന്ദിക്കാറുണ്ട്. എനിക്ക് അതിനോട് യോജിപ്പില്ല. ബ്രിട്ടീഷുകാരുടെ കാലത്ത് കണ്ണും പൂട്ടി ട്രെയിനിൽ യാത്ര ചെയ്യാമായിരുന്നു. മോഷണവും കൊള്ളയും അല്പം പോലും ഭയക്കേണ്ടതില്ലായിരുന്നു. പക്ഷെ, ഇതിനോട് കൂടി അവർ ഗുരുതരമായ അക്രമങ്ങൾ കാട്ടി. അതുകൊണ്ടാണ് നാം അവർക്കെതിരിൽ തിരിഞ്ഞത്.

എന്നാൽ ഇന്ന് നമ്മുടെ അവസ്ഥയെന്താണ്.? കൊള്ളയും കൊലയും മോഷണവും പിടിച്ചുപറിയും വ്യാപകമായിരിക്കുന്നു. നമ്മുടെ ഉള്ളിൽ തന്നെ പാമ്പും തേളും ഉണ്ടായിരിക്കുന്നു. ഇത് ബ്രിട്ടീഷുകാരായ പാമ്പിനെയും തേളിനെയും കാൾ ഗുരുതരമാണ്. കാരണം, അവർ ഇന്ത്യയിൽ താമസിക്കുമ്പോൾ ജനങ്ങളിൽ നിന്നും അകന്ന് വലിയ ബംഗ്ലാവുകളിലാണ് താമസിച്ചിരുന്നത്. വേനൽക്കാലത്ത് എല്ലാവരും ബ്രിട്ടണിലേക്ക് പോയിരുന്നു. എന്നാൽ നമുക്കിടയിലുള്ള പാമ്പും തേളുകളും നമ്മുടെ തൊലിയോട് ചേർന്ന് കിടക്കുന്നു. പണത്തോടുള്ള സ്നേഹവും പാപത്തോടുള്ള താല്പര്യവും നാം ഓരോരുത്തരുടെയും മനസ്സുകളിൽ കടന്നുകൊണ്ടിരിക്കുന്നു. മനുഷ്യ സ്നേഹവും ആദരവും കുറയുന്നു. എല്ലാവർക്കും അവനവന്റെ താല്പര്യം മാത്രമാണ് ഏക ലക്ഷ്യം.

ഓഫീസുകൾ, കോടതികൾ, സ്റ്റേഷനുകൾ, പോസ്റ്റോഫീസുകൾ തുടങ്ങി സർവ്വ കേന്ദ്രങ്ങളും അധഃപതിച്ചിരിക്കുന്നു. ഇതെല്ലാം ബ്രിട്ടീഷുകാരുടെ കാലത്ത് വളരെ നല്ല നിലയിലും മാതൃകാപരവുമായിരുന്നു. വിനീതന്റെ പ്രധാന പ്രവർത്തനങ്ങൾ പോസ്റ്റോഫീസുകളും വാഹനങ്ങളുമായി ബന്ധപ്പെട്ടതാണ്. ധാരാളം കത്തുകളും പുസ്തകങ്ങളും മാസികകളും വരുകയും അയയ്ക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. യാത്ര എന്റെ ജീവിതത്തിന്റെ ഒരു ഭാഗമാണ്. ഇന്ത്യയുടെ അകത്തും പുറത്തും നിരന്തരം യാത്രകളാണ്. പക്ഷെ, സ്വാതന്ത്ര്യത്തിന് മുമ്പ് ഇതെല്ലാം വളരെ മെച്ചമായിരുന്നു. ഇന്ന് വളരെ പ്രയാസങ്ങളും പ്രശ്നങ്ങളും നേരിടേണ്ടി വരുന്നു. പൈസയുണ്ടെങ്കിൽ എല്ലാം എളുപ്പമാണ്. പൈസയില്ലെങ്കിൽ ഒന്നും നടക്കുകയില്ലാ എന്നതാണ് സ്ഥിതി.

ഭരണകൂടങ്ങൾ ധാരാളം സജ്ജീകരണങ്ങളും സൗകര്യങ്ങളും

ചെയ്തിരിക്കുന്നു. പക്ഷെ, ജനങ്ങളുടെ മനസ്സ് വിശാലമാക്കാനുള്ള ശരിയായ പരിശ്രമങ്ങളൊന്നും നടത്തിയില്ല. തദ്ഫലമായി ഓരോ പൗരന്റെയും മനസ്സിൽ പണത്തോടുള്ള സ്നേഹം കടന്നുകൂടുകയും അന്ധരാക്കുകയും ചെയ്തിരിക്കുന്നു. ആരിൽ നിന്നാണെങ്കിലും ഏത് വിധേനയും കുറച്ച് പൈസ സമ്പാദിക്കണമെന്നതാണ് എല്ലാവരുടെയും ചിന്ത.!

മനുഷ്യത്വ രഹിതമായ ഇത്തരം അവസ്ഥകളുടെ കാരണം വിദ്യാഭ്യാസത്തിന്റെ കുറവാണോ.? ഒരിക്കലുമല്ല. ഇന്ത്യയിലെ വിദ്യാഭ്യാസ സൗകര്യങ്ങൾ വിദേശങ്ങളിൽ പലയിടങ്ങളിലും കാണാൻ കഴിയില്ല. വിനീതൻ അറേബ്യൻ രാഷ്ട്രങ്ങളിൽ സഞ്ചരിക്കുമ്പോൾ വിദ്യാഭ്യാസത്തിന്റെ വിഷയത്തിൽ ഇന്ത്യയെ കണ്ട് പഠിക്കാൻ അവരോട് പറയാറുണ്ട്. അവരിൽ പല പണ്ഡിതരും വിദ്യാഭ്യാസ മേഖലയിൽ ഇന്ത്യ വരിച്ച നേട്ടങ്ങളെ അത്ഭുതത്തോടെ അനുസ്മരിക്കുകയും ചെയ്തിട്ടുണ്ട്.

### മാനവ നിർമ്മാണം മറന്നുപോയി.!

യഥാർത്ഥത്തിൽ നമ്മുടെ രാജ്യത്തെ കുഴപ്പങ്ങളുടെ അടിസ്ഥാന കാരണം നാം നമ്മിലും നമ്മുടെ സഹോദരങ്ങളിലും മാനവികതയുടെ മൂല്യങ്ങൾ ഉണ്ടാക്കിയെടുക്കാൻ പരിശ്രമിച്ചില്ല എന്നതാണ്. രാജ്യത്തിന്റെ മോചനത്തിന് വേണ്ടി നടത്തപ്പെട്ട പരിശ്രമങ്ങളുടെ നാലിലൊന്നെങ്കിലും മാനവ നിർമ്മിതിയ്ക്കായും സത്സ്വഭാവങ്ങളുടെ സ്ഥാപനത്തിനായും നാം ചിലവഴിച്ചിരുന്നുവെങ്കിൽ നമ്മുടെ അവസ്ഥയ്ക്ക് വലിയ മാറ്റമുണ്ടാകുമായിരുന്നു. ഒരു സമൂഹത്തിന്റെ യഥാർത്ഥ അടിസ്ഥാനം സ്വഭാവ മൂല്യങ്ങളാണ്. സ്വഭാവം ഉന്നതമായാൽ നാം പരസ്പരം ആദരിക്കുന്നതാണ്. അക്രമം, അനീതി, വഞ്ചന, പാപം ഇവയെ മോശമായി കാണുന്നതാണ്. നമ്മുടെ കൈയ്യിൽ അന്യായമായി എത്തിച്ചേരുന്ന മറ്റുള്ളവരുടെ സമ്പത്തിനെ വിഷമായും പാമ്പായും തേളായും കാണുന്നതാണ്.

### വിതയ്ക്കുന്നത് കൊയ്യും.!

നമ്മുടെ ജീവിതം വിശാലമായൊരു ഭൂമിയാണ്. ഇവിടെ വിതയ്ക്കുന്നത് നാം കൊയ്യും. നടുന്ന ചെടിയുടെ പഴം നമുക്ക് ലഭിക്കും. ആരെങ്കിലും ഭൂമിയിൽ മോശമായ വിത്ത് വിതച്ച് നല്ല ഫലം

വേണമെന്ന് വാദിക്കുന്നതിന് അർത്ഥമില്ല. ആകയാൽ നമ്മുടെ മനസ്സിലേക്ക് നന്മയുടെ അംശങ്ങൾ ഇടുകയാണെങ്കിൽ അത് കർമ്മങ്ങളായി പ്രത്യക്ഷപ്പെടും. നാം നമുക്കും മറ്റുള്ളവർക്കും അനുഗ്രഹമാകും. മനസ്സിൽ തിന്മയുടെ വിത്തുകൾ പാകിയാൽ ജീവിതത്തിൽ തിന്മകൾ പ്രകടമാകുകയും നമുക്കും മറ്റുള്ളവർക്കും നാശമായി മാറുകയും ചെയ്യുന്നതാണ്. പടച്ചവനെ അറിയുകയും ആരാധിക്കുകയും ചെയ്യുക, മനുഷ്യനെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുക എന്ന അനുഗ്രഹീത വിത്ത് മാത്രം നമ്മുടെയും നമ്മുടെ സന്താനങ്ങളുടെയും സഹോദരങ്ങളുടെയും മനസ്സിൽ നാം വിതച്ചിട്ടില്ല. വലിയ വിദ്യാഭ്യാസവും ഉയർന്ന ഉദ്യോഗവും ഉന്നത സ്ഥാനമാനങ്ങളും സൗകര്യങ്ങളും എല്ലാം ഉണ്ടെങ്കിലും നമ്മുടെ മനസ്സുകളിൽ നന്മയുണ്ടായില്ല, അത് പുറത്തേക്ക് പ്രവഹിക്കുന്നുമില്ല.

മനുഷ്യൻ പടച്ചവന്റെ ഏറ്റവും ഉത്തമ സൃഷ്ടിയാണെന്നും മനുഷ്യനെ സേവിക്കുന്നതും സ്നേഹിക്കുന്നതും വലിയ നന്മയും ആരാധനയുമാണെന്നും നാം സ്വയം പഠിക്കുകയും നമ്മുടെ മക്കളെയും സഹോദരങ്ങളെയും പഠിപ്പിക്കുകയും ചെയ്യുക. അക്രമങ്ങൾ കാട്ടുന്നതും മറ്റുള്ളവരുടെ സമ്പത്ത് അപഹരിക്കുന്നതും മഹാ പാപമാണെന്ന് നാം ഉണരുകയും മറ്റുള്ളവരെ ഉണർത്തുകയും ചെയ്യുക. ഇതാണ് മഹാന്മാരായ പ്രവാചകന്മാരുടെ പ്രവർത്തനം. ഇതിലൂടെ ഉത്തമ സമൂഹം നിലവിൽ വരുന്നതാണ്. ഈ ഗുണങ്ങൾ ഉണ്ടായാൽ സമ്പത്ത് ഇല്ലാതെ തന്നെ നാം സമ്പന്നരാകുന്നതും വയറ്റിൽ കല്ല് വെച്ചുകെട്ടി വിശപ്പ് സഹിച്ചുകൊണ്ടും ധന്യരാകുന്നതുമാണ്.

### മനുഷ്യത്വമില്ലായ്മ വേണോ മാനവികത വേണോ.?

നാം കടയിലോ ഓഫീസിലോ ഏതെങ്കിലും സ്ഥലത്തോ നിൽക്കുമ്പോൾ ഒരു ആവശ്യക്കാരൻ വരുകയാണെങ്കിൽ നാം അതിനെ എങ്ങനെയാണ് കാണുന്നത്.? തടിച്ച് കൊഴുത്ത ഒരു ഇരയെ കിട്ടി എന്ന നിലയിലാണെങ്കിൽ നാം മനുഷ്യത്വമില്ലാത്തവരാണ്. ഇത് എന്റെ ഒരു സഹോദരനാണ്, എന്റെ ഗുണത്തിന് വേണ്ടി പടച്ചവൻ എന്നിലേക്ക് അയച്ചതാണ്. ഇദ്ദേഹത്തെ സഹായിക്കാൻ ഒരു സുവർണ്ണാവസരം ലഭിച്ചിരിക്കുന്നു എന്നാണ് ചിന്തിക്കുന്നതെങ്കിൽ നാം മനുഷ്യത്വമുള്ളവരാണ്. ഇതിൽ ഏത് അവസ്ഥയാണ് നമുക്ക് ഉള്ളതെന്ന് ശാന്തമായി ചിന്തിക്കുക. ഒരു ആവശ്യക്കാരനെ കാണു

മ്പോൾ അദ്ദേഹത്തിന്റെ പിന്നിലുള്ള ഭാര്യ-മക്കളെയും മാതാ-പിതാക്കളെയും നാം ഓർക്കുക. ഇദ്ദേഹത്തിന്റെ ആവശ്യം നിർവ്വഹിച്ച് കൊടുത്താൽ ഇദ്ദേഹത്തിനും അവരെല്ലാവർക്കും സന്തോഷമുണ്ടാകുമെന്നും സർവ്വോപരി സർവ്വലോക പരിപാലകനായ പടച്ചവന് സംതൃപ്തിയുണ്ടാകുമെന്നും നാം ചിന്തിക്കുക. ഇതിലൂടെ മാനവികത വളരുന്നതും ഉയരുന്നതുമാണ്. ഇത്തരമൊരു അവസ്ഥാവിശേഷം നമുക്കിടയിൽ ഉണ്ടാക്കിയെടുക്കാനുള്ള ആത്മാർത്ഥമായ ഒരു പരിശ്രമമാണ് പയാമെ ഇൻസാനിയത്ത്. ഇതിനെ കുറിച്ച് കൂടുതൽ മനസ്സിലാക്കുകയും മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുകയും പരസ്പരം സ്നേഹ-വിശ്വാസങ്ങളുടെയും സഹായ-സഹകരണങ്ങളുടെയും ഉത്തമ അവസ്ഥ ഉണ്ടാക്കിയെടുക്കാൻ പരിശ്രമിക്കുകയും ചെയ്യുക. തീർച്ചയായും നന്മയ്ക്ക് വേണ്ടിയുള്ള പരിശ്രമങ്ങളെ പടച്ചവൻ പാഴാക്കുന്നതല്ല.

# വിദ്യാസമ്പന്നർക്ക് ബോധക്കേട് പിടികൂടുന്നത് മഹാനാശം തന്നെ.!

### ജീവിതം സുഖ-ദുഃഖങ്ങളുടെ മിശ്രിതം.

മനുഷ്യ ജീവിതത്തിൽ അത്യന്തം സന്തോഷകരമായ കാര്യങ്ങളും ദുഃഖപൂർണ്ണമായ സംഭവങ്ങളും അരങ്ങേറാറുണ്ട്. ജീവിതം തന്നെ സുഖ-ദുഃഖങ്ങളുടെ സമ്മിശ്രരൂപമാണ്. സന്തോഷകരവും സമാധാനപൂർണ്ണവുമായ ജീവിതം നയിക്കുന്നതിനിടയിൽ ഹൃദയം പിളർത്തുന്ന സംഭവങ്ങൾ കടന്നുവരികയും പളുങ്ക് പാത്രം പോലെ മനസ്സ് പല കഷ്ണങ്ങളായി തകരുകയും ചെയ്യാറുണ്ട്. ചിതറിത്തെറിച്ച് കിടക്കുന്ന കഷ്ണങ്ങളെല്ലാം ഒന്നായിത്തീരുകയും മരുഭൂമിയിൽ പൂന്തോട്ടം വിരിയുകയും ചെയ്യുന്ന സംഭവങ്ങളും നടക്കാറുണ്ട്. ഈ രണ്ട് അവസ്ഥകളും മാറിമാറി വരുന്നതിലൂടെയാണ് ജീവിതം തന്നെ മുന്നോട്ട് നീങ്ങുന്നത്.

### മനസ്സിനെ ഏറ്റവും കൂടുതൽ തകർക്കുന്ന പ്രശ്നം.!

ദുഃഖങ്ങൾ സാധാരണയാണെങ്കിലും ആ ദുഃഖങ്ങൾ കാണുകയും കേൾക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്ന ആളുകളിലൂടെ എത്ര വലിയ ദുഃഖത്തിനും ആശ്വാസം ലഭിക്കുന്നതാണ്. എന്നാൽ ഒരു ദുഃഖമുണ്ടായിട്ടും അത് കാണാനോ കേൾക്കാനോ മനസ്സിലാക്കാനോ ആരും മുന്നോട്ട് വരാത്തത് ദുഃഖത്തിന്റെ വേദന ഇരട്ടിയാക്കുന്നതും ഇത് കാരണം ദുഃഖിതൻ ആകെ തളർന്ന് പോകുന്നതുമാണ്. തന്റെ അവസ്ഥ കാണാനും കേൾക്കാനും ആശ്വസിപ്പിക്കാനും സുഖ-ദുഃഖങ്ങൾ പങ്ക് വെയ്ക്കാനും ആരുമില്ലാത്ത നിലയിൽ മനുഷ്യൻ ഒരു വനാന്തരത്തിൽ അകപ്പെടുന്നതും മലമുകളിൽ ഒറ്റപ്പെടുന്നതുമാണ്, ഒരു മനുഷ്യന് ലഭിക്കുന്ന ഏറ്റവും വലിയ ശിക്ഷ. മനുഷ്യൻ എല്ലാം സഹിക്കും. പക്ഷെ, ആശ്വസിപ്പിക്കാൻ ആരുമില്ലെങ്കിൽ തകർന്ന് പോകും. എത്ര വലിയ ദുഃഖത്തിലാണെങ്കിലും ആശ്വസിപ്പിക്കാൻ ആരെങ്കിലുമുണ്ടെങ്കിൽ മനുഷ്യന് വലിയ സമാധാനം ലഭിക്കുകയും സമ്പന്നത അനുഭവപ്പെടുകയും ചെയ്യുന്നതാണ്.

നമുക്കിടയിൽ നടന്നുകൊണ്ടിരിക്കുന്ന കവിയരങ്ങുകളുടെയും രചനാ പ്രവർത്തനങ്ങളുടെയും ശാസ്ത്രത്തിന്റെ കുതിപ്പുകളുടെയും വിവര സാങ്കേതിക വിദ്യകളുടെ ബഹളങ്ങളുടെയും അടിസ്ഥാനം ഇവ കാണാനും കേൾക്കാനും പ്രോത്സാഹിപ്പിക്കാനും അനുഭവിക്കാനും ആരെങ്കിലും ഉണ്ട് എന്നതാണ്. ആരെല്ലാം നിരുൽസാഹപ്പെടുത്തിയാലും ഈ പ്രവർത്തനങ്ങൾ ചെയ്യുന്നവർ ഈ വഴിയിൽ ഉറച്ച് നിൽക്കുന്നത് എന്റെ ഈ കർമ്മങ്ങളെ പ്രയോജനപ്പെടുത്തുന്ന ചിലരെങ്കിലും ഉണ്ട് എന്ന ചിന്തയുടെ അടിസ്ഥാനത്തിലാണ്. ഞാൻ എഴുതുന്നത് വായിക്കാനും പ്രസംഗിക്കുന്നത് കേൾക്കാനും ആരുമില്ലായെന്ന ചിന്തയുണ്ടായാൽ മനുഷ്യന്റെ നാവും തൂലികയും നിശ്ചലമാകുന്നതും ബുദ്ധി പ്രവർത്തിക്കാതിരിക്കുന്നതും അകത്തുള്ള ശേഷി ചലനമറ്റ് മരിച്ച് പോകുന്നതുമാണ്.

നമ്മുടെ ചുറ്റുഭാഗത്തേക്ക് നോക്കുക: വിജ്ഞാന സാഹിത്യങ്ങളുടെ വലിയ കേന്ദ്രങ്ങളും രചനകൾ നിറഞ്ഞ് തുളുമ്പിയ ഗ്രന്ഥാലയങ്ങളും കാണാൻ സാധിക്കും. ഇതെല്ലാം ഉണ്ടായതും നിലനിൽക്കുന്നതും ഇതിനെ വിലമതിക്കുന്ന ആളുകൾ ഉള്ളത് കൊണ്ട് മാത്രമാണ്. വിനീതൻ ചില കാര്യങ്ങൾ എഴുതുകയും പ്രസംഗിക്കുകയും ചെയ്യുന്നു. നിങ്ങൾ ഓരോരുത്തരും അപ്രകാരം തന്നെയാണെന്ന് വിചാരിക്കുകയാണ്. പ്രഭാഷണങ്ങൾ കേൾക്കാനും രചനകൾ വായിക്കാനും ആരുമില്ലെങ്കിൽ നമ്മുടെ തൂലികയും നാവും അല്പം പോലും ചലിക്കുന്നതല്ല. ചുരുക്കത്തിൽ ഞാൻ ഒറ്റയ്ക്കല്ല എന്ന വിശ്വാസത്തിൽ നിന്നാണ് വിവിധ സേവന പ്രവർത്തനങ്ങൾ ഉദയം ചെയ്യുന്നത്.

### മനുഷ്യന്റെ ഏറ്റവും വലിയ ശിക്ഷ.!

ഞാൻ ഒറ്റയ്ക്കാണ് എന്ന വിചാരം മനുഷ്യന് ഉണ്ടാകുന്ന ഏറ്റവും വലിയ ശിക്ഷയാണ്. ഈ വിചാരം ഉണ്ടാകുന്ന മാത്രയിൽ മനുഷ്യൻ ശ്വാസം മുട്ടാൻ തുടങ്ങും. അത് കൊണ്ടാണ് പടച്ചവൻ മനുഷ്യനെ ഒറ്റയ്ക്ക് പടയ്ക്കാതിരുന്നത്. ഒറ്റയ്ക്കുള്ള ജീവിതം പടച്ചവന്റെ ലക്ഷ്യവുമല്ല. ഒറ്റയ്ക്ക് ജീവിക്കുന്നത് ഉത്തമമായിരുന്നുവെങ്കിൽ പടച്ചവൻ മനുഷ്യനെ പർവ്വതമോ കല്ലോ ആക്കുമായിരുന്നു. മനുഷ്യനെ ഇണക്കമുള്ളവനായിട്ടാണ് പടയ്ക്കപ്പെട്ടിരിക്കുന്നത്. മനുഷ്യർക്കിടയിൽ മാത്രമേ മനുഷ്യൻ ജീവിക്കുകയുള്ളൂ. വീട്ടിൽ ഒറ്റയ്ക്കായാൽ ജയിലിൽ അകപ്പെട്ട അനുഭവം മനുഷ്യന് ഉണ്ടാകുന്നതാണ്.

നാം ജയിൽ കണ്ടിട്ടുണ്ടായിരിക്കും. ജയിലിൽ എന്തിന്റെ കുറവാണുള്ളത്.? പ്രത്യേകിച്ചും ഇന്നത്തെ ജയിലിൽ ആഹാര-പാനീയങ്ങളുടെയും മറ്റും വിശാല സൗകര്യമാണുള്ളത്. പല സാധുക്കളുടെയും വീട്ടിൽ പോലും ഇല്ലാത്ത സൗകര്യങ്ങൾ ജയിലുകളിൽ ലഭ്യമാണ്. എന്നിട്ടും തടവറയെ മനുഷ്യൻ ഭയക്കുന്നു. കാരണം അവിടെ സംസാരിക്കാനും സഹാനുഭൂതി കാട്ടാനും ആരുമില്ല എന്നത് തന്നെ. ഒരു കവി ജയിലിനെ കുറിച്ച് പറയുന്നു: ഇവിടെ എന്റെ നാവ് ആരെങ്കിലുമായി സംസാരിക്കാൻ കൊതിച്ചുകൊണ്ടിരിക്കുന്നു.!

വിനീതൻ വിദ്യാർത്ഥിയും അദ്ധ്യാപകനുമായിട്ടുണ്ട്. നീ ഇവിടെ ഇരിക്കുക, എഴുന്നേറ്റ് പോകരുത്, പുറത്തേക്ക് നോക്കാനും പാടില്ല എന്ന് അദ്ധ്യാപകൻ പറയുന്നതാണ് ഒരു വിദ്യാർത്ഥിക്കുള്ള ഏറ്റവും വലിയ ശിക്ഷ. വിദ്യാർത്ഥിക്ക് ഒന്നോ രണ്ടോ അടി കൊടുത്താൽ കുറച്ച് കഴിയുമ്പോൾ അവൻ സന്തോഷിച്ച് കളിക്കുന്നത് കാണാൻ കഴിയും. എന്നാൽ ഒന്നോ രണ്ടോ മണിക്കൂർ ഇവിടെ ഇരിക്കുക എന്ന് പറയപ്പെട്ട വിദ്യാർത്ഥിയെ ശ്വാസം മുട്ടുന്നതായും വേദനിക്കുന്നതായും കാണാൻ കഴിയും. ഇതെന്ത് കൊണ്ടാണ്.? മനുഷ്യൻ ഇണക്കവും ചലനവും ആഗ്രഹിക്കുന്നു. ഏകാന്തനായി കഴിയുന്ന മനുഷ്യന് വലിയ അസ്വസ്ഥത അനുഭവപ്പെടും. ജലത്തിൽ നിന്നും പുറത്തേക്ക് ഇട്ട മത്സ്യം പിടയ്ക്കുന്നത് പോലെ ജനങ്ങൾക്കിടയിൽ നിന്നും ഒറ്റപ്പെട്ട് ഏകനായി കഴിയുന്നവന് മനസ്സാ പിടച്ച് കൊണ്ടിരിക്കുന്നതാണ്. വിനീതൻ തുറന്ന് പറയട്ടെ, വ്യത്യസ്ത മതസ്ഥരായ നിങ്ങൾക്കിടയിൽ ഇരിക്കുകയും നിങ്ങളുടെ മുഖങ്ങൾ കാണുകയും ചെയ്യുന്നത് കൊണ്ട് മാത്രം എനിക്ക് വലിയ ഊർജ്ജം ലഭിക്കുകയും രക്തം വർദ്ധിക്കുന്നതായി അനുഭവപ്പെടുകയും ചെയ്യുന്നു.

### പ്രകൃതി വിശുദ്ധമാണ്, പക്ഷെ അക്രമങ്ങൾ മലീമസമാക്കുന്നു.!

ഈ നാടും രാജ്യവും മാത്രമല്ല, മുഴുവൻ ലോകവും പരസ്പര വിശ്വാസത്തിന്റെയും സഹകരണത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. മനുഷ്യന്റെ പ്രകൃതി വിശുദ്ധമാണെന്നും നാശമായിട്ടില്ലെന്നും നമ്മുടെ കൂട്ടായ ജീവിതം വിളിച്ചറിയിക്കുന്നു. എന്നാൽ നമ്മിൽ ചിലരുടെ നാവും അതിലുപരി മനസ്സും മസ്തിഷ്കവും നാശമാകുകയും അക്രമപരമാകുകയും ചെയ്യുന്നു എന്നതാണ് ഇന്നത്തെ എല്ലാവിധ അസ്വസ്ഥതകളുടെയും

അടിസ്ഥാനം. നമ്മിൽ പലരും സ്വന്തം സഹോദരങ്ങളെ തെറ്റിദ്ധരിക്കുകയും പരസ്പരം തെറ്റിദ്ധരിക്കുകയും ചെയ്യുന്നതിലൂടെ അന്തരീക്ഷം മുഴുവനും മലീമസമാകുന്നു. എന്നാൽ പരസ്പരം സദ്ഭാവന പുലർത്തുകയും സ്നേഹാദരങ്ങളെ തട്ടിയുണർത്തുകയും ചെയ്താൽ മനുഷ്യത്വം ഉണരുകയും ചെയ്യുന്നതാണ്.

വിനീതൻ അടുത്ത സമയത്ത് ഇന്ത്യയിലെ നാല് സംസ്ഥാനങ്ങൾ സന്ദർശിക്കുകയുണ്ടായി. പടച്ചവൻ നമുക്ക് നൽകിയ ഈ മഹാ രാജ്യത്തിന്റെ ചെറിയൊരു ഭാഗം കണ്ടപ്പോൾ തന്നെ അത്ഭുതപ്പെട്ട് പോയി. അങ്ങേയറ്റം സസ്യശ്യാമളവും സുന്ദര സുമോഹനവുമായ ഒരു ഭൂമിയാണ് നമ്മുടെ രാജ്യം. മനോഹരമായ പ്രകൃതി ദൃശ്യങ്ങൾ, തലയുയർത്തി നിൽക്കുന്ന പർവ്വതങ്ങൾ, രാജ്യത്തിന്റെ നെഞ്ചിലൂടെ ഒഴുകിക്കൊണ്ടിരിക്കുന്ന അരുവികൾ ഇതിലെല്ലാം ഉപരി രാജ്യം മുഴുവനും നിറഞ്ഞ് നിൽക്കുന്ന സഹോദരീ-സഹോദരന്മാർ... അതെ, ഈ രാജ്യം അതി സുന്ദരമാണ്.

### സ്നേഹ-വിശ്വാസങ്ങൾ കുറയുന്നു.!

നമ്മുടെ രാജ്യത്ത് ഒന്നിനും യാതൊരു കുറവുമില്ല. സർവ്വ വിധ അനുഗ്രഹങ്ങളെയും കൊണ്ട് സമ്പൽസമൃദ്ധമാണ് നമ്മുടെ രാജ്യം. പക്ഷെ, നമ്മുടെ ഉത്തരവാദിത്വ ചിന്ത കുറയുന്നുണ്ടോ എന്ന് ന്യായമായി സംശയിക്കേണ്ടിയിരിക്കുന്നു. നാം മനുഷ്യത്വമുള്ള പൗരന്മാരാണ് എന്ന പൗരത്വ ബോധം കുറയുന്നില്ലേ.? നമുക്കിടയിൽ സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും അന്തരീക്ഷം എത്രമാത്രമുണ്ട്.? എല്ലാവരും വലിയ ഭീതിയിലാണ്. ആർക്കും ഒരു സമാധാനവുമില്ല. ഏത് സമയത്തും എന്തും നടക്കാം എന്നൊരു സാഹചര്യം ഇവിടെ സംജാതമായിരിക്കുന്നു. ഒരു കാര്യം ക്ഷമാപണത്തോടെ തുറന്ന് പറയുകയാണ്: ഇത്തരം ദുഃഖകരമായ ഒരു സാഹചര്യം ഉണ്ടാക്കിയത് രാജ്യനന്മയ്ക്ക് വേണ്ടി ഏറ്റവും കൂടുതൽ പരിശ്രമിക്കേണ്ട ആളുകൾ തന്നെയാണ്. വിവിധ രാഷ്ട്രീയ പ്രവർത്തകരും ഭരണ കർത്താക്കളും ഇതിൽ വലിയ പങ്ക് വഹിക്കുകയുണ്ടായി.

രാജ്യത്ത് ഇന്ന് കാണപ്പെടുന്ന കുഴപ്പങ്ങളുടെ കാരണക്കാർ നാം തന്നെയാണ്. പടച്ചവൻ യാതൊരു കുഴപ്പവും ഉണ്ടാക്കിയിട്ടില്ല. ആകാശത്ത് നിന്നും മഴ പെയ്യുന്നതിനും ഭൂമിയിൽ നിന്നും ഉൽപ്പന്നങ്ങൾ ഉണ്ടാകുന്നതിനും ഒരു കുറവും സംഭവിച്ചിട്ടില്ല.

കുറവ് നമ്മുടേത് തന്നെയാണ്. ഒരു ചരിത്ര വിദ്യാർത്ഥി എന്ന നിലയിൽ പറയട്ടെ: ബുദ്ധി ശക്തി, സ്വാശ്രയത്വം, കർമ്മ വൈഭവം, പ്രകൃതി പരമായ മാന്യത, ഉന്നത ചിന്താശേഷി എന്നീ കാര്യങ്ങളിൽ ലോകത്തെ ഇതര രാജ്യങ്ങളെക്കാൾ ഇന്ത്യാ മഹാരാജ്യം പിന്നിലല്ല എന്ന് മാത്രമല്ല മുന്നിലാണ്. പക്ഷെ, വേണ്ടത് പോലെ പ്രയോജനപ്പെടുത്തപ്പെട്ടിട്ടില്ല.

ഒരു മനുഷ്യന് സമ്പത്തോ, ബുദ്ധിയോ, വീടോ ഇല്ല. ഇതൊന്നും ഇല്ലായെന്ന ഒരു സമാധാനമെങ്കിലും അദ്ദേഹത്തിനുണ്ടായിരിക്കും. എന്നാൽ ഒരു വ്യക്തിയ്ക്ക് സമ്പത്തും ബുദ്ധിയും വീടും എല്ലാമുണ്ട്. പക്ഷെ, അദ്ദേഹം അത് പ്രയോജനപ്പെടുത്തുന്നില്ലായെങ്കിൽ അദ്ദേഹത്തിന് ഒരു സമാധാനവും ഉണ്ടാകുന്നതല്ല. മറിച്ച് അദ്ദേഹം നിന്ദ്യനാകുന്നതാണ്. എനിക്ക് ഇതെല്ലാമുണ്ടായിട്ടും ഒരു ഗുണവുമില്ലല്ലോ എന്ന ചിന്ത അദ്ദേഹത്തിൽ കുറ്റബോധം നിറയ്ക്കുന്നതാണ്. സത്യം പറയട്ടെ, വിനീതനെ സംബന്ധിച്ചിടത്തോളം ഇത്തരമൊരു കുറ്റബോധം നിരന്തരം വേട്ടയാടിക്കൊണ്ടിരിക്കുകയാണ്. ഒന്നാം തരം രാജ്യവും സമൃദ്ധമായ വിഭവങ്ങളും എല്ലാമുണ്ടായിട്ടും രാജ്യത്തിന്റെ അവസ്ഥ വളരെ ദുഃഖകരം തന്നെയാണ്.

### വർഗ്ഗീയത, സമുന്നത രാജ്യത്തിന് മഹാ മോശം തന്നെ.!

ഇവിടെ ഇടയ്ക്കിടെ വർഗ്ഗീയ കലാപങ്ങൾ നടക്കുകയും പെരുകുകയും ചെയ്തുകൊണ്ടിരിക്കുന്നു. സ്വന്തം സഹോദരങ്ങളെ കടുത്ത ശത്രുക്കളായിട്ടാണ് പലരും കാണുന്നത്. ഒരുത്തന് ഭ്രാന്തുണ്ടാകുകയും അത് മറ്റുള്ളവരിലേക്ക് അതിവേഗതയിൽ പടരുകയും ചെയ്യുന്നു. ഒരുത്തൻ മോശമായ ഒരു മുദ്രാവാക്യം മുഴക്കുകയോ നിന്ദ്യമായ പ്രസ്താവന ഇറക്കുകയോ ചെയ്യുന്നു, ഉടനെ മറ്റുള്ളവർ മുഴുവനും അത് ഏറ്റ് പിടിക്കുന്നു. പ്രത്യേകിച്ചും വിദ്യാസമ്പന്നരായ ആളുകൾക്ക് വർഗ്ഗീയതയുടെ ഹിസ്റ്റീരിയ ബാധിച്ചാൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉളവാകുന്നതാണ്. വിദ്യാർത്ഥികൾ സ്വന്തം സഹപാഠികളെ അടിച്ചടിച്ച് കൊല്ലുന്നു. പ്രൊഫസർ സ്വന്തം സഹപ്രവർത്തകനെ കഴുത്തറുത്ത് വധിക്കുന്നു. രാജ്യത്തിന്റെ ചില പട്ടണങ്ങളിൽ അരങ്ങേറിയ വർഗ്ഗീയ കലാപങ്ങൾക്ക് ശേഷം വിനീതൻ അവിടെ പോകുകയുണ്ടായി. പല കാഴ്ചകളും കണ്ട് നിൽക്കാൻ

പോലും എനിക്ക് കഴിഞ്ഞില്ല എന്നതാണ് വാസ്തവം. അവിടെയുള്ള മനുഷ്യർക്ക് എന്ത് പറ്റി എന്നോർക്കുമ്പോൾ എനിക്ക് അത്ഭുതം വരുന്നു. ഇത്ര പെട്ടെന്ന് മനുഷ്യന് മൃഗമാകാൻ പറ്റുമോ.? മൃഗങ്ങൾക്ക് എത്ര പരിശ്രമിച്ചിട്ടും മനുഷ്യനാകാൻ പറ്റുന്നില്ല. പക്ഷെ മനുഷ്യൻ വളരെ വേഗത്തിൽ വന്യമൃഗമായി അധഃപതിക്കുന്നു. യഥാർത്ഥത്തിൽ നമ്മുടെ മനുഷ്യത്വം കണ്ട് മൃഗങ്ങളിൽ പോലും മാറ്റമുണ്ടാകേണ്ടതായിരുന്നു. എന്നാൽ വന്യമൃഗങ്ങളെ പോലും നാണിപ്പിച്ച് നാം അധഃപതിക്കുന്നത് വളരെ മോശമാണ്.

മനുഷ്യൻ മാതൃഗർഭത്തിൽ നിന്നും പുറത്തേക്ക് വരുമ്പോൾ മാതാപിതാക്കൾ അവനെ നല്ല നിലയിൽ വളർത്തുന്നു. ഉത്തമ ആഹാരങ്ങൾ നൽകുന്നു. കുറച്ച് കഴിഞ്ഞ് വിദ്യാലയത്തിലേക്ക് കൊണ്ടുവരുന്നു. ഉത്തമ പാഠങ്ങൾ പഠിക്കാനും കൂടുതൽ വളരാനും ഉയരാനുമാണ് മാതാപിതാക്കൾ വിദ്യാലയത്തിലാക്കുന്നത്. വിദ്യാഭ്യാസം കുറഞ്ഞ മാതാപിതാക്കൾ പോലും മകൻ കൂടുതൽ നന്നാകണമെന്ന ആഗ്രഹത്തിൽ കൂടുതൽ പഠിപ്പിക്കുന്നു. എന്റെ മകനും മകളും എല്ലാവരെക്കാളും ഉയരണമെന്നും ഉന്നതി പ്രാപിക്കണമെന്നും ഓരോ മാതാപിതാക്കളും ആഗ്രഹിക്കുന്നു. ഇത് മനുഷ്യന്റെ പൊതുവായ ഒരു പ്രകൃതിയാണ്. അത് കൊണ്ട് തന്നെ ഓരോ തലമുറയും കഴിഞ്ഞ തലമുറയെക്കാൾ മെച്ചമായിരിക്കും. ഈ നിലയിൽ ധാരാളം പാഠശാലകൾ സ്ഥാപിക്കപ്പെടുകയും ഗ്രന്ഥാലയങ്ങൾ നിലവിൽ വരികയും ചെയ്തു. മനുഷ്യന്റെ ജീവിതം മുഴുവനും മുന്നോട്ടുള്ള കുതിപ്പാണെന്നും മുന്നോട്ട് നീങ്ങുന്തോറും മനുഷ്യൻ കൂടുതൽ പുരോഗതി പ്രാപിക്കുകയും ചെയ്യുന്നതാണെന്നും ഇത് അറിയിക്കുന്നു. ഇതനുസരിച്ച് നോക്കുമ്പോൾ വിദ്യാഭ്യാസം പൂർത്തീകരിച്ച ശേഷം കൂടുതൽ ഉന്നതമായ അവസ്ഥയായിരുന്നു ഓരോ പഴയ വിദ്യാർത്ഥികളും കാഴ്ച വെയ്ക്കേണ്ടിയിരുന്നത്.

പക്ഷെ, ദുഃഖകരമെന്ന് പറയട്ടെ, വിദ്യാഭ്യാസമില്ലാത്തവരെക്കാൾ തരംതാഴ്ന്ന അവസ്ഥകളാണ് പല വിദ്യാസമ്പന്നരിലും ഇന്ന് കാണപ്പെടുന്നത്. വലിയ അറിവൊന്നുമില്ലാത്ത ഗ്രാമീണരെപ്പോലും അമ്പരപ്പിക്കുന്ന അക്രമങ്ങളാണ് സംസ്കാര സമ്പന്നരെന്ന് വാദിക്കുന്ന പട്ടണവാസികൾ കാട്ടിക്കൂട്ടുന്നത്. ചെറിയ ഒരു പ്രശ്നമുണ്ടായാൽ പട്ടണത്തിലുള്ള മുഴുവൻ ആളുകളും മൃഗങ്ങളല്ല, ഭ്രാന്തന്മാരായി മാറുന്ന കാഴ്ച എത്രയോ ദുഃഖകരമാണ്.!

വലിയ കാര്യങ്ങളെല്ലാം അറിയാമെന്ന് വാദിക്കുന്ന മനുഷ്യർ ഒറ്റയടിക്ക് രക്തദാഹികളായി മാറുന്നതെങ്ങിനെയാണ്.? സ്വന്തം അയൽവാസിയെയും നാട്ടുകാരനെയും തെറ്റിദ്ധരിക്കുകയും അവ രിലേക്ക് അക്രമം അഴിച്ച് വിടുകയും ചെയ്യുന്ന ഒരു അവസ്ഥാന്ത രീക്ഷത്തിൽ നമ്മുടെ വിദ്യാഭ്യാസങ്ങൾക്ക് എന്ത് പ്രസക്തിയാണ് ഉള്ളത്.?

**മൃഗങ്ങൾക്കും ബോധമുണ്ട്.!**

വിനീതൻ ന്യൂയോർക്കിന് അടുത്ത് ഒരു നാട്ടിലായിരിക്കവേ ന്യൂയോർക്കിലെ പവർ ഹൗസിൽ മിന്നലേറ്റ് പവർ ഹൗസിന് കേടു പാടുകൾ സംഭവിച്ചതായി വാർത്ത വന്നു. ഈ വാർത്ത കേട്ടപ്പോൾ എനിക്ക് വലിയ അത്ഭുതമുണ്ടായില്ല. കാരണം, മിന്നലിനും പവർ ഹൗസിനും ബുദ്ധിയില്ല. ബുദ്ധിയില്ലാത്ത ഒന്ന് ബുദ്ധിയില്ലാത്ത മറ്റൊന്നിന്റെ മേൽ പതിക്കുകയുണ്ടായി. എന്നാൽ ബുദ്ധിയുള്ള മനുഷ്യൻ ബുദ്ധിയുള്ള സ്വന്തം സഹോദരന്റെ മേൽ ചാടി വീഴുന്നത് കാണുമ്പോൾ എനിക്ക് വല്ലാത്ത അത്ഭുതമുണ്ട്.! മൃഗങ്ങൾക്കും അല്പസ്വല്പം ബോധമുണ്ട്. നാം ഒരു പട്ടിയെ കല്ലെടുത്തെറിഞ്ഞാൽ അത് കല്ലിനെ നോക്കി കുരയ്ക്കുകയില്ല. നമ്മെ നോക്കി കുരയ്ക്കുന്ന താണ്. കാരണം കല്ല് ഉരുണ്ട് വന്നതല്ലെന്നും നാമാണ് അതിനെ എറിഞ്ഞതെന്നും അതിന് നന്നായിട്ടറിയാം. നടക്കുമ്പോൾ നാം ഒരു പട്ടിയെ ചവുട്ടിയാൽ അത് കടിക്കാൻ സാധ്യതയുണ്ട്. എന്നാൽ അതിന് മുകളിൽ ഒരു മരക്കഷ്ണം വീണാൽ മരക്കഷ്ണത്തോട് അത് ദേഷ്യപ്പെടുകയില്ല. ചുരുക്കത്തിൽ മൃഗത്തിന് പോലും അല്പം ബോ ധമുണ്ട്. പക്ഷെ, പരസ്പരം ക്രൂരമായ അക്രമങ്ങൾ കാട്ടിക്കൂട്ടുന്ന നമുക്ക് സഹോദരങ്ങളെ മനസ്സിലാകാത്തതും അവരുടെ വേദന തിരിച്ചറിയാത്തതും വളരെ അത്ഭുതകരം തന്നെ.!

പർവ്വതങ്ങൾ മനുഷ്യന്റെ മേൽ മറിഞ്ഞ് വീണാൽ പർവ്വതങ്ങൾ ക്ക് മാപ്പ് കൊടുക്കാം. ഭിത്തി ഇടിഞ്ഞ് വീണാൽ അതിനും മാപ്പ് നൽകാം. കാരണം അവയ്ക്ക് ബുദ്ധിയില്ല. പക്ഷെ മനുഷ്യന്റെ മേൽ ചാടി വീഴുന്നതിന് മാപ്പില്ല. കാരണം പടച്ചവൻ മനുഷ്യന് ബുദ്ധിയും ബോധവും മനസ്സും മനസ്സാക്ഷിയും നൽകിയിട്ടുണ്ട്. മനുഷ്യന്റെ അക്രമങ്ങൾ അറിഞ്ഞുകൊണ്ടുള്ളതാണ്. പടച്ചവൻ എല്ലാം മാ പ്പാക്കുന്നതാണ്. പക്ഷെ, അക്രമത്തെ മാപ്പാക്കുന്നതല്ല. പക്ഷെ,

നമ്മുടെ രാജ്യത്ത് ഇത്തരം സംഭവങ്ങൾ ധാരാളമായി നടന്ന് കൊണ്ടിരിക്കുന്നു. ഒരു മാതാവ് മരണത്തോട് മല്ലടിച്ചുകൊണ്ട് കിടക്കുകയാണ്. വിദൂര ദേശത്തുള്ള മകൻ വന്ന് ഒന്ന് കാണണ മെന്ന് അവർ ആഗ്രഹിക്കുന്നു. മാതാവിന്റെ ആഗ്രഹം അറിഞ്ഞ് മകൻ പുറപ്പെടുന്നു. ഒരു ഭാഗത്ത് ഏതാനും ദിവസങ്ങൾക്കകം മാതാവിനെ കാണാമല്ലോ എന്ന് ചിന്തിച്ച് മകനും, അടുത്ത് തന്നെ മകനെ കാണാമല്ലോ എന്നി വിചാരിച്ച് മാതാവും വളരെയധികം സന്തോഷിക്കുന്നു. എന്നാൽ പ്രതീക്ഷകളുടെ കൂമ്പാരവുമായി നാട്ടിലേക്ക് വരുന്ന മകനെ വർഗ്ഗീയത ബാധിച്ച ഒരാൾ വധിക്കുന്നു. മാതാവിനെ കാണാൻ കഴിയാത്ത ദുഃഖത്തോടെ പാവപ്പെട്ട ഈ മകൻ ചോര വാർന്ന് മരിക്കുമ്പോൾ മകന്റെ ദുഃഖ വാർത്ത കേട്ട് കഠിനമായ ദുഃഖം താങ്ങാൻ കഴിയാതെ സാധുവായ മാതാവും മരണത്തിലേക്ക് നീങ്ങുന്നു.! ഇത് പോലുള്ള സംഭവങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടാകുന്നില്ലേ.? ഇത്തരമൊരു സാഹചര്യത്തിൽ പടച്ചവന്റെ കാരുണ്യം ഉണ്ടാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാൻ കഴിയുമോ.? ഇത്തരം സംഭവങ്ങൾ നടക്കുന്ന ഏതെങ്കിലും രാജ്യം ഇതര കാര്യങ്ങളിൽ എത്ര വളർന്നാലും ഉയർന്നാലും വല്ല അന്തസ്സും മഹത്വവും ലഭിക്കുമോ.?

കാട്ടിലേക്ക് പോയി നോക്കുക, ചെന്നായ ചെന്നായയെ അക്രമിക്കാറില്ല. എന്നാൽ നമ്മുടെ നാട്ടിൽ മനുഷ്യൻ സ്വന്തം സഹോദരങ്ങളുടെ മേൽ ചാടി വീഴുന്നു. നാട്ടുകാരെ ദ്രോഹിക്കുകയും ശാരീരികമായും മാനസികമായും പീഢിപ്പിക്കുകയും ചെയ്യുന്നു. ഇത് മഹാത്ഭുതം തന്നെ.! മാതാപിതാക്കൾ പരിശീലിപ്പിക്കുകയും അദ്ധ്യാപകന്മാർ പഠിപ്പിക്കുകയും ഗ്രന്ഥങ്ങൾ ഉണർത്തുകയും ചെയ്ത സകല കാര്യങ്ങളും മനുഷ്യൻ മറക്കുന്നതെങ്ങിനെയാണ്.? സത്യം പറയട്ടെ, ഇന്ന് അക്രമങ്ങൾ തന്നെ എഴുത്തും വായനയും പഠിച്ചവനായി മാറിയിരിക്കുന്നു.

**മനുഷ്യനാകാൻ പഠിക്കുക.!**

ഈ വാക്കുകൾ കൊണ്ടുള്ള ഉദ്ദേശം വിദ്യാഭ്യാസത്തെയോ വിജ്ഞാനത്തെയോ നിന്ദിക്കലും നിസ്സാരപ്പെടുത്തലുമല്ല. പക്ഷെ, വിദ്യാഭ്യാസം വെറും വിദ്യാഭ്യാസം മാത്രമാണെന്ന് നാം മനസ്സിലാക്കേണ്ടതാണ്. പടച്ചവനോടുള്ള ഭയഭക്തിയും പടപ്പുകളോടുള്ള

സ്നേഹാദരങ്ങളും ഉണ്ടാകുമ്പോഴാണ് വിദ്യാഭ്യാസം യാഥാർത്ഥ്യ മാകുന്നത്. ഇത്തരം വിദ്യാഭ്യാസത്തിലൂടെ മനുഷ്യൻ സംസ്കാര സമ്പന്നരാകുന്നതും ജനങ്ങളെ സേവിക്കാൻ ഹൃദയംഗമായി ആഗ്രഹിക്കുന്നതുമാണ്. അത് കൊണ്ട് തന്നെ ഏറ്റവും വലിയ വിദ്യാഭ്യാസം പടച്ചവനോടുള്ള ഭയവും മാനവ സ്നേഹവും ഉണ്ടാക്കലാണ്. ഇവരണ്ടും ഇല്ലാതെയുള്ള വിദ്യാഭ്യാസത്തെക്കാളും വിദ്യാഭ്യാസമില്ലായ്മയാണ് മെച്ചം. ആകയാൽ പ്രഥമവും പ്രധാനവുമായി പടച്ചവനോടുള്ള ഭയവും പടപ്പുകളോടുള്ള സ്നേഹവും ഉണ്ടാക്കിയെടുക്കുക. ഓരോ മനുഷ്യന്റെയും ജീവനും സ്വത്തും അഭിമാനവും ആദരണീയമാണെന്നും നാം ഓരോരുത്തരും അവയുടെ സേവകരും സംരക്ഷകരുമാണെന്നുമുള്ള ബോധം നമുക്കിടയിൽ ശക്തമാകണം. മുൻകാലങ്ങളിൽ മനുഷ്യൻ മറ്റുള്ളവർക്ക് കാവൽ നിൽക്കുമായിരുന്നു. മറ്റുള്ളവർ ഉറങ്ങുമ്പോൾ അവർക്ക് ബുദ്ധിമുട്ടുകളുണ്ടാകാതിരിക്കാൻ ഉണർന്ന് കഴിയുമായിരുന്നു. വിദ്യാസമ്പന്നമായ ഇന്നത്തെ അവസ്ഥയെക്കാളും അന്നത്തെ അവസ്ഥ വളരെ മെച്ചമായിരുന്നു. അന്ന് എല്ലാവരും വിദ്യാസമ്പന്നരല്ലായിരുന്നു. ഇന്ന് മുഴുവൻ ഭവനങ്ങളും മാത്രമല്ല, നൂറ് ശതമാനം ജനങ്ങളും വിദ്യാസമ്പന്നരാണ്. പക്ഷെ ഇത് കൊണ്ട് എന്ത് ഫലം.? ഏതെങ്കിലും ഭ്രാന്തനോ അക്രമിയോ വർഗ്ഗീയ വാദിയോ എന്തെങ്കിലും മുദ്രവാക്യം മുഴക്കിയാൽ വിദ്യാസമ്പന്നർ പോലും അതിന്റെ പിന്നിൽ ചാടുകയാണ്. വിദ്യാഭ്യാസവും അന്ധതയും, സംസ്കാരവും അക്രമവും ഒരിക്കലും ഒരുമിച്ച് കൂടുന്നതല്ല. മനുഷ്യനെ വേട്ടയാടുകയും മനുഷ്യ രക്തം കൊണ്ട് വിശപ്പും ദാഹവും ശമിപ്പിക്കുന്നവൻ മനുഷ്യനല്ല. അത്തരം മനുഷ്യരുടെ മേൽ ശാപമുണ്ടാകട്ടെ.! അത്തരം ആളുകളെക്കാൾ ഉത്തമം മൃഗങ്ങളും വന്യജീവികളുമാണ്.

### അകത്ത് നിന്നുമാണ് നന്നാകേണ്ടത്.!

മനുഷ്യൻ പുറത്ത് നിന്നുമല്ല, അകത്ത് നിന്നുമാണ് നന്നാകേണ്ടത്. എന്നാൽ നാം അകത്തെ മറന്ന് കളഞ്ഞു. അകത്തുള്ള മനുഷ്യത്വം ഉണർത്താൻ നാം പരിശ്രമിച്ചില്ല. നാം ഓരോരുത്തരുടെയും ഈ ശരീരത്തിന്റെ ഉള്ളിൽ ഒരു മനുഷ്യൻ മറഞ്ഞിരിപ്പുണ്ട്. അതാണ് യഥാർത്ഥ മനുഷ്യൻ. അത് മനുഷ്യന്റെ മനസ്സും മനസ്സാക്ഷിയുമാണ്. അത് ഉണർന്നാൽ മാനവികതയുടെ മഹനീയ മാതൃകകൾ പ്രകടമാ

കുന്നതാണ്. വലിയ ഭരണാധികാരികളും ചക്രവർത്തികളുമായിരുന്നിട്ടും ജനങ്ങളുടെ സമ്പത്തിനെയും രാജ്യത്തിന്റെ സ്വത്തിനെയും പടച്ചവൻ വിശ്വസിച്ചേൽപ്പിച്ച കാര്യങ്ങളാണെന്ന് ഇത്തരം ആളുകൾ മനസ്സിലാക്കുന്നതാണ്. ജനങ്ങളെല്ലാം സേവിക്കപ്പെടേണ്ടവരാണെന്നും ഞാൻ മുഴുവൻ ജനങ്ങളുടെയും സേവകനാണെന്നും അവർ വിശ്വസിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട രണ്ട് സംഭവങ്ങൾ ഇവിടെ ഉദ്ധരിക്കുന്നു:

മുസ്‌ലിംകളുടെ നായകൻ റസൂലുല്ലാഹി (സ്വ) നാട് നീങ്ങിയപ്പോൾ അബൂബക്ർ സിദ്ദീഖ് (റ) ഒന്നാം ഖലീഫയായി. തദവസരം അദ്ദേഹം അങ്ങേയറ്റം ലളിതമായ ജീവിതമാണ് നയിച്ചിരുന്നത്. ആദ്യം ശമ്പളമൊന്നും വാങ്ങിയില്ല. ശേഷം മറ്റുള്ളവർ നിർബന്ധിച്ചപ്പോൾ സാധാരണക്കാർക്ക് നൽകപ്പെടുന്ന ശമ്പളം വാങ്ങിക്കുകയും ഇത് ഞാൻ നിങ്ങൾക്ക് സേവനം ചെയ്യുന്നതിന്റെ പേരിൽ വാങ്ങുന്നതാണെന്ന് അറിയിക്കുകയും ചെയ്തു. അന്ന് മുസ്‌ലിംകളുടെ പക്കൽ പണത്തിന്റെ കുറവ് കൊണ്ടല്ല അദ്ദേഹം ഇപ്രകാരം പറഞ്ഞത്. സ്വന്തം താല്പര്യ പ്രകാരം മാത്രമാണ് ഇങ്ങനെ ചെയ്തത്. കാരണം അന്ന് വലിയ അക്രമങ്ങൾ നടത്തുകയും നാട്ടിലുള്ള ജനങ്ങളെ അടിമകളാക്കി പീഢിപ്പിക്കുകയും ചെയ്തിരുന്ന റോമൻ, പേർഷ്യൻ സാമ്രാജ്യങ്ങളെ തിരുത്താനും നേരിടാനും മുസ്‌ലിംകളാണ് ഇറങ്ങിത്തിരിച്ചത്. ഈ സമയത്ത് ഒരിക്കൽ അദ്ദേഹത്തിന്റെ ഭാര്യ അദ്ദേഹത്തോട് പറഞ്ഞു: താങ്കൾ ഖലീഫയായതിലൂടെ ജനങ്ങൾക്ക് ലഭിച്ച പ്രയോജനങ്ങൾ ഞാൻ നിഷേധിക്കുന്നില്ല. എന്നാൽ താങ്കളുടെ ഈ നിലപാട് കുടുംബത്തിന് വലിയ ബുദ്ധിമുട്ട് ഉണ്ടാക്കിയിരിക്കുന്നു. താങ്കൾക്ക് ലഭിക്കുന്ന ശമ്പളം കൊണ്ട് വളരെ കഷ്ടിച്ചാണ് ഞാനും മക്കളും കഴിയുന്നത്. ഞങ്ങൾക്ക് മധുര പലഹാരങ്ങൾ വല്ലതും കഴിക്കാൻ ആഗ്രഹമുണ്ട്. ഇതിന് മുമ്പ് താങ്കൾ വസ്ത്രവ്യാപാരം നടത്തിയിരുന്നു. അന്ന് ഞങ്ങൾ മധുരപലഹാരം കഴിച്ചിരുന്നു. എന്നാൽ ഇന്ന് അതിന് സാധിക്കുന്നില്ല.! അപ്പോൾ അബൂബക്ർ സിദ്ദീഖ് (റ) പറഞ്ഞു: ഇതിന് ഞാൻ എന്ത് ചെയ്യാനാണ്.? പൊതുജനങ്ങളുടെ സമ്പത്തിൽ നിന്നും ശമ്പളത്തെക്കാൾ കൂടുതലായി ഒന്നും എടുക്കാൻ എനിക്ക് അനുവാദമില്ല. ഭാര്യ പറഞ്ഞു: ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന ശമ്പളത്തിൽ നിന്നും അല്പം പിടിച്ച് വെച്ച് പലഹാരം ഉണ്ടാക്കിക്കൊള്ളട്ടെ.?

അദ്ദേഹം പറഞ്ഞു: യാതൊരു കുഴപ്പവുമില്ല. ആ മഹതി ഏതാനും ദിവസത്തെ ശമ്പളത്തിൽ നിന്നും അല്പാല്പം പിടിച്ച് വെക്കുകയും കുറഞ്ഞ സമ്പത്ത് ശേഖരിച്ച് അബൂബക്ർ സിദ്ദീഖ് (റ) നെ ഏൽപ്പിക്കുകയും ഇത് കൊണ്ട് പലഹാരത്തിന് ആവശ്യമായ സാധനങ്ങൾ വാങ്ങിക്കൊണ്ട് വരാൻ ആവശ്യപ്പെടുകയും ചെയ്തു. അപ്പോൾ അബൂബക്ർ സിദ്ദീഖ് (റ) ഭാര്യയോട് പറഞ്ഞു: ഇപ്പോൾ ബൈത്തുൽ മാലിൽ (പൊതു ഖജനാവ്) വലിയ ഒരു ആവശ്യം വന്നിരിക്കുകയാണ്. സമ്മതിക്കുകയാണെങ്കിൽ ഇത് ബൈത്തുൽ മാലിൽ നിക്ഷേപിക്കാം. കൂട്ടത്തിൽ നമുക്ക് കിട്ടുന്ന ശമ്പളം കൂടുതലാണെന്നും ഇതിലൂടെ സ്ഥിരപ്പെട്ടിരിക്കുന്നു. അത് കൊണ്ട് അത്രയും അളവ് ശമ്പളത്തിൽ നിന്നും കുറയ്ക്കാനും ആവശ്യപ്പെടാം. ഭാര്യയും കുടുംബവും ഇക്കാര്യം സസന്തോഷം സമ്മതിക്കുകയും സംതൃപ്തരായി കഴിയുകയും ചെയ്തു.! ഇത് ഏതെങ്കിലും പ്രത്യേക വിഭാഗത്തിന്റെ മഹനീയ സംഭവമല്ല. മുഴുവൻ മനുഷ്യരുടെയും അന്തസ്സ് ഉയർത്തുന്ന സംഭവമാണ്. നാമെല്ലാവരും ഈ സംഭവം പറഞ്ഞ് അഭിമാനിക്കുകയും നമ്മളിൽ ഇത്തരം ആളുകൾ മുമ്പ് ഉണ്ടായിരുന്നു. ഇനിയും ഉണ്ടാകേണ്ടതാണെന്ന് പരസ്പരം പ്രേരിപ്പിക്കേണ്ടതുമാണ്. അത് കൊണ്ടാണ് കോൺഗ്രസ്സിന്റെ പ്രഥമ ഗവൺമെന്റ് നിലവിൽ വന്നപ്പോൾ ഗാന്ധിജി ഇപ്രകാരം പറഞ്ഞത്: നമ്മുടെ മന്ത്രിമാർ ഹസ്രത്ത് അബൂബക്റിന്റെയും ഹസ്രത്ത് ഉമറിന്റെയും ജീവിതങ്ങൾ പഠിക്കുകയും പകർത്തുകയും ചെയ്യേണ്ടതാണ്.!

മറ്റൊരു സംഭവം കൂടി ശ്രദ്ധിക്കുക: ഉമർ രണ്ടാമൻ എന്ന പേരിൽ പ്രസിദ്ധനായ ഉമറുബ്നു അബ്ദിൽ അസീസിന്റെ കാലത്ത് ഇസ്‌ലാമിക ഭരണകൂടം സിറിയ, ഈജിപ്റ്റ്, ഇറാഖ്, സ്പെയിൻ, ഉത്തര ആഫ്രിക്ക ഇവിടെയെല്ലാം പടർന്ന് പന്തലിച്ചിരുന്നു. ഇതിന്റെ നായകനായ ഉമറുബ്നു അബ്ദിൽ അസീസ് ഒരു രാത്രിയിൽ വിളക്ക് കത്തിച്ച് വെച്ച് ജോലിയിലായിരുന്നു. ഫയലുകളും മറ്റും നോക്കിക്കൊണ്ടിരുന്ന അദ്ദേഹത്തിന്റെ അരികിലേക്ക് ദൂരെ നിന്നും ഒരു സുഹൃത്ത് കടന്നുവന്നു. അദ്ദേഹം സ്വീകരിക്കുകയും നാടിന്റെയും ജനങ്ങളുടെയും വിശേഷങ്ങൾ ചോദിക്കുകയും ചെയ്തു. ജനങ്ങളും രാജ്യവുമായി ബന്ധപ്പെട്ട ഓരോ കാര്യങ്ങളും ചോദിച്ചറിയുകയും നല്ല കാര്യങ്ങളിൽ സന്തോഷം പ്രകടിപ്പിക്കുകയും കൂട്ടത്തിൽ ചില നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ശേഷം ആഗതൻ

അദ്ദേഹത്തിന്റെ വിശേഷങ്ങൾ തിരക്കുകയും കുടുംബത്തിന്റെയും മക്കളുടെയും കാര്യങ്ങൾ എന്തെല്ലാമാണെന്ന് ചോദിക്കുകയും ചെയ്തു. ഇത് കേട്ടയുടനെ അദ്ദേഹം വിളക്ക് അണച്ചുകളഞ്ഞു. ആഗതൻ അത്ഭുതത്തോടെ കാരണം തിരക്കി. പൊതു കാര്യങ്ങൾ പറഞ്ഞപ്പോൾ വിളക്ക് കത്തിച്ച് വെയ്ക്കുകയും സാധാരണ എല്ലാവരും താല്പര്യപ്പെടുന്ന സ്വന്തം വിഷയങ്ങൾ ചോദിച്ചപ്പോൾ വിളക്ക് അണച്ച് കളയുകയും ചെയ്തത് എന്തിനാണ്.? ഖലീഫ പറഞ്ഞു: ആദ്യം നമ്മൾ സംസാരിച്ചത് പൊതുജനങ്ങളുടെ കാര്യമാണ്. ഈ വിളക്ക് പൊതുജനാവശ്യാർത്ഥമുള്ളതാണ്. എന്റെ വീടിന്റെ കാര്യം എന്റെ സ്വകാര്യമാണ്. ഈ വിളക്ക് അതിനുള്ളതല്ല. തുടർന്ന് വീട്ടിൽ നിന്നും ഒരു വിളക്ക് വരുത്തിച്ച് അത് കത്തിച്ച് സംസാരം ആരംഭിച്ചു. അദ്ദേഹം പറഞ്ഞു: ഞാൻ ആദ്യത്തെ വിളക്ക് ഉപയോഗിച്ച് രാജ്യത്തിന്റെ കാര്യങ്ങൾ നോക്കുകയായിരുന്നു. ഇടയ്ക്ക് നിങ്ങൾ വന്നു. ആദ്യം രാജ്യത്തിന്റെ കാര്യം പറഞ്ഞപ്പോൾ ഞാൻ സന്തോഷത്തോട് കൂടി കേൾക്കുകയും പ്രതികരിക്കുകയും ചെയ്തു. ഇപ്പോൾ നിങ്ങൾ എന്റെ വീടിന്റെ കഥയും കാര്യവും പറയാൻ ആരംഭിച്ചിരിക്കുന്നു. ഇതിന് വേണ്ടി പൊതുസ്വത്തിൽ നിന്നും അല്പം പോലും ചെലവഴിക്കുന്നത് ശരിയല്ല.!

ആധുനിക ലോകത്ത് ഇതിന് മാതൃകയായി വല്ല സംഭവങ്ങളും കാണാൻ കഴിയുമോ.? അമേരിക്ക, റഷ്യ തുടങ്ങിയ വലിയ രാജ്യങ്ങളിലെ പ്രസിഡന്റുമാരും അറേബ്യൻ രാജ്യങ്ങളിലെ രാജാക്കന്മാരും ഇത് പോലെ വരുകയില്ലെന്ന് മാത്രമല്ല, പലർക്കും ഇതിന്റെ മണം പോലും അടിച്ചിട്ടില്ല. ഇവരാരെയും നിന്ദിക്കാൻ വേണ്ടിയല്ല വിനീതൻ ഇത് പറയുന്നത്. ഇവരിൽ പലരെയും കാണാൻ കഴിഞ്ഞിട്ടുണ്ട്. കൂട്ടത്തിൽ ഇത് പോലുള്ള കാര്യങ്ങൾ അവരെ വ്യക്തമായി അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാന കാരണം മുൻഗാമികളായ മഹത്തുക്കൾ പ്രവാചക ജീവിതം പഠിക്കുകയും മനുഷ്യത്വത്തിന്റെ ഗുണങ്ങൾ ഉൾക്കൊള്ളാൻ പരിശ്രമിക്കുകയും ചെയ്തിരുന്നു. ഇന്ന് നല്ലവരെ കുറിച്ചുള്ള പഠനങ്ങളും പ്രചാരണങ്ങളും പ്രേരണകളും വളരെ കുറഞ്ഞ് പോയിരിക്കുന്നു. ഇന്നത്തെ പ്രശ്നങ്ങളുടെ ഒരു പ്രധാന കാരണവും ഇത് തന്നെയാണ്.

**നമ്മുടെ അകം നന്നാക്കാൻ പരിശ്രമിക്കുക.!**

ആകയാൽ നാം നമ്മെക്കുറിച്ചും രാജ്യത്തെ കുറിച്ചും ചിന്തിക്കുക. നാം ഓരോരുത്തരും മനുഷ്യനാകാനും മറ്റുള്ളവരിൽ മനുഷ്യത്വം ഉണർത്താനും പരിശ്രമിക്കുക. വിശിഷ്യാ, അടുത്തവരിലും സന്താനങ്ങളിലും മാനവിക ഗുണങ്ങൾ ഉണ്ടാക്കിയെടുക്കുക. നമ്മുടെ അകത്ത് വലിയ ശൂന്യത സംഭവിച്ചിരിക്കുകയാണ്. പക്ഷെ, അകത്ത് നഷ്ടപ്പെട്ട സമ്പത്ത് നാം അന്വേഷിക്കുന്നത് പുറത്താണ്. ചെറുപ്പത്തിൽ ഒരു സംഭവം കേട്ടിട്ടുണ്ട്: ഒരാൾ വീടിന് വെളിയിൽ എന്തോ തേടി നടക്കുന്നത് കണ്ട് അപരൻ ചോദിച്ചു: താങ്കൾ എന്താണ് തേടുന്നത്.? അയാൾ പറഞ്ഞു: ഒരു രൂപ കാണാനില്ല. അങ്ങനെ ഇരുവരും ഒരുമിച്ച് തേട്ടം തുടർന്നു. കുറേ തേടി മടുത്തപ്പോൾ അപരൻ ചോദിച്ചു: എവിടെയാണ് വീണതെന്ന് അറിയാമോ.? അയാൾ പറഞ്ഞു: സത്യം പറഞ്ഞാൽ വീടിനുള്ളിലാണ് വീണത്. പക്ഷെ, അവിടെ ഇരുട്ടാണ്. ഇവിടെ അന്വേഷിക്കാൻ വലിയ സുഖമാണ്. ഇരുട്ടുള്ള സ്ഥലത്ത് തപ്പാൻ വലിയ പ്രയാസമുണ്ട്.! യഥാർത്ഥത്തിൽ ഇത് നമ്മുടെ അവസ്ഥയല്ലേ.? നഷ്ടം സംഭവിച്ചത് മനസ്സിലാണ്. നാം നന്നാക്കിക്കൊണ്ടിരിക്കുന്നത് മനസ്സിന് വെളിയിലുള്ള കാര്യങ്ങളെയുമാണ്.

**ഒരു സാധനം അത് നഷ്ടപ്പെട്ട സ്ഥലത്ത് നിന്ന് മാത്രമേ ലഭിക്കുകയുള്ളൂ.!**

മുമ്പ് നമ്മുടെ മനസ്സിലുണ്ടായിരുന്ന വലിയൊരു നിധി നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നു. കോളേജുകൾ, ലൈബ്രറികൾ, അമേരിക്കൻ -യൂറോപ്യൻ-പാശ്ചാത്യ രാജ്യങ്ങൾ തെരഞ്ഞെടുപ്പിലും മാത്രം കണ്ണ് നട്ടിരിക്കുന്ന രാഷ്ട്രീയ പാർട്ടികൾ, പാർലമെന്റ്-അസംബ്ലി മന്ദിരങ്ങൾ ഇവയിലെല്ലാമാണ് നാം അത് തേടിക്കൊണ്ടിരിക്കുന്നത്. പക്ഷെ, പടച്ചവന്റെ പ്രകൃതി നിയമത്തിന് മാറ്റമില്ലായെന്ന് മനസ്സിലാക്കുക. ഒരു സാധനം അത് നഷ്ടപ്പെട്ട സ്ഥലത്ത് നിന്ന് മാത്രമേ ലഭിക്കുകയുള്ളൂ എന്നത് പടച്ചവന്റെ പ്രകൃതി നിയമമാണ്. അന്നും ഇന്നും എന്നും ഇത് തന്നെയാണ് നിയമം. സാധനം ഇരുളിൽ വീണാൽ അവിടെ അന്വേഷിക്കുക. അത് വെളിച്ചത്തിൽ എത്ര അന്വേഷിച്ചാലും ഒരിക്കലും അത് ലഭിക്കുകയില്ല. മനസ്സിന്റെ ആളുകൾ പാവപ്പെട്ട മഹാന്മാരായിരുന്നത് കൊണ്ട് അവരെ നാം അവഗണിക്കുകയും നാം സൂട്ടിന്റെയും കോട്ടിന്റെയും ആളുകളായത് കൊണ്ട് അവരിൽ

നിന്ന് മാത്രമേ എന്തും പഠിക്കുകയുള്ളൂ എന്ന് വാശി പിടിക്കുകയും ചെയ്താൽ നമ്മുടെ പ്രശ്നം പരിഹരിക്കപ്പെടുന്നതല്ല.

**മനുഷ്യത്വം മരിച്ചിട്ടില്ല, ഉറങ്ങുകയാണ്.!**

നിധി നഷ്ടപ്പെട്ടിട്ടേയുള്ളൂ, അവസാനിച്ചിട്ടില്ല. നഷ്ടപ്പെട്ട വസ്തു പരിശ്രമിച്ചാൽ തിരിച്ചെടുക്കാം. മരിച്ച് പോയ ജീവിതം തിരിച്ചെടുക്കാൻ പറ്റില്ല. മനുഷ്യത്വം മരിച്ചിട്ടില്ല, പക്ഷെ ഉറങ്ങിക്കിടക്കുകയാണ്. ഇപ്രകാരം പലപ്പോഴും അത് ഉറങ്ങിയിട്ടുണ്ട്. മഹാന്മാരായ പ്രവാചകന്മാരും പണ്ഡിതവര്യന്മാരും പടച്ചവനോട് ഭയഭക്തിയുള്ളവരും ഓരോ കാലങ്ങളിലും സ്ഥലങ്ങളിലും അതിനെ ഉണർത്താൻ പരിശ്രമിക്കുകയും അത് ഉണരുകയും ചെയ്യുകയുണ്ടായി. മരിച്ച് പോയിരുന്നെങ്കിൽ ഒരിക്കലും ഉണരുകയില്ലായിരുന്നു.

ഇന്നും മാനവികത മരിച്ചിട്ടില്ല. ഉറങ്ങുകയാണ്. വരൂ, നമുക്കെല്ലാവർക്കും ഒത്തുചേർന്ന് ഉറങ്ങിക്കിടക്കുന്ന മാനവികതയെ തട്ടിയുണർത്താം. ആദ്യമായി നമ്മുടെ ഉള്ളിൽ ഉണർത്താം. ശേഷം മറ്റുള്ളവരെയും ഉണർത്താം. നാം ഉണർന്നില്ലെങ്കിൽ മറ്റുള്ളവരെ ഉണർത്താൻ സാധിക്കുന്നതല്ല. ഒരാൾ ഉണർന്നാൽ നൂറ് കണക്കിന് ആളുകളെ ഉണർത്താൻ കഴിയും. എന്നാൽ ഉറങ്ങുന്ന നൂറ് പേരുണ്ടായിരുന്നാൽ ഒരാളെ പോലും ഉണർത്താൻ കഴിയുന്നതല്ല. നാമെല്ലാവരും ഉറങ്ങിപ്പോയി. ഇനി ഉറക്കം തുടർന്നാൽ പരസ്പരം ഉണർത്താൻ കഴിയുന്നതല്ല. നമ്മിൽ ഒരാളെങ്കിലും ഉണർന്നാൽ ആയിരങ്ങളെയും ലക്ഷങ്ങളെയും ഉണർത്താൻ സാധിക്കുന്നതാണ്.

ഈയൊരു ആഗ്രഹത്തിലും പ്രതീക്ഷയിലും സാധുക്കളായ ഞങ്ങൾ നിങ്ങളുടെ അരികിലേക്ക് വന്നിരിക്കുകയാണ്. ഈ രാജ്യം തകരുന്നത് നോക്കി നിൽക്കാൻ നമുക്ക് സാധിക്കുന്നില്ല. നാം ജീവിക്കേണ്ടതും മുന്നോട്ട് നീങ്ങേണ്ടതും വിദ്യാഭ്യാസ-സാംസ്കാരിക-സാമൂഹ്യ മേഖലകളിൽ ഉയരേണ്ടതും ഇവിടെ തന്നെയാണ്. നിങ്ങളിൽ ഭൂരിഭാഗം പേരും വിദ്യാഭ്യാസമുള്ളവരാണ്. നിങ്ങളുടെ ചുറ്റുവട്ടം സമാധാനപൂർവ്വവും സന്തുലിതവുമായിരുന്നത് കൊണ്ട് മാത്രമാണ് നിങ്ങൾ പഠിച്ച് പഠനം പൂർത്തീകരിച്ചത്. നിരന്തരം ഇടിയും മിന്നലും നടന്നുകൊണ്ടിരുന്നാൽ ഒന്നും നടക്കുന്നതല്ല. ഈ സദസ്സിൽ വിനീതൻ വല്ലതും പറയുന്നതും നിങ്ങൾ ശ്രദ്ധിച്ച് കേൾക്കുന്നതും ഈ സന്തുലിതത്വത്തിന്റെ (നോർമാലിറ്റി) പരിണിതഫലം മാത്രമാണ്. ഈ സദസ്സിലേക്ക് ഒരു പാമ്പ് കയറി വരികയോ

നിങ്ങളിലാരെങ്കിലും ഭ്രാന്ത് പിടിച്ച് ഇവിടെ ബഹളമുണ്ടാക്കുകയോ ചെയ്താൽ ഈ സദസ്സ് ചിന്നിച്ചിതറി പോകുന്നതാണ്. അറിയുക: സമാധാന പൂർണ്ണമായ അന്തരീക്ഷത്തിൽ മാത്രമേ ഈ രാജ്യം ഉയരുകയുള്ളൂ. സമാധാനപൂർണ്ണമായ അന്തരീക്ഷമില്ലെങ്കിൽ ഇവിടെ ഒരു വിദ്യാഭ്യാസവും പുരോഗതിയും നടക്കുന്നതല്ല. ബാഹ്യമായി നടന്നാൽ തന്നെ അത് അക്രമങ്ങളും അധോഗതിയുമായി പരിണമിക്കുന്നതാണ്.

**നിരാശപ്പെടേണ്ട യാതൊരു ആവശ്യവുമില്ല.!**

പടച്ചവന്റെ അനുഗ്രഹത്താൽ നിങ്ങളെ പോലുള്ള ഈ സദസ്സ് കാണുമ്പോൾ ഞങ്ങളിൽ വലിയ പ്രതീക്ഷ വളരുന്നു. ഓരോ നാട്ടിലും ഇത് പോലെ കുറഞ്ഞ ആളുകളാണെങ്കിലും മാനവികതയുടെ പരിശ്രമങ്ങൾക്ക് മുന്നോട്ട് വന്നാൽ പ്രദേശം മുഴുവനും സജീവമാകും. പക്ഷെ, കുറഞ്ഞ പരിശ്രമങ്ങൾക്ക് നാം തയ്യാറാകണം. ആദ്യമായും ഇവിടെ പറയപ്പെട്ട കാര്യങ്ങൾ നന്നായി മനസ്സിലാക്കുകയും മറ്റുള്ളവർക്ക് എത്തിച്ച് കൊടുക്കുകയും ചെയ്യുക. രണ്ടാമതായി, പരസ്പരം വിശ്വാസ-ആദരവുകൾ വർദ്ധിക്കണമെന്ന ലക്ഷ്യത്തിൽ കഴിയുന്നത്ര സേവന-സഹായങ്ങൾ ചെയ്യുക. ഒരു നന്മയെയും നിസ്സാരമായി കാണരുത്. പരസ്പരം ഉപഹാരങ്ങൾ നൽകുന്നതിലൂടെ വിശ്വാസ-ആദരവുകൾ വർദ്ധിക്കുന്നതാണ്.

നമ്മുടെ സ്വാതന്ത്ര്യ സമര സേനാനികളും നേതാക്കളും രാജ്യത്തെ സ്വതന്ത്രമാക്കുകയും നിർമ്മിക്കുകയും ചെയ്തു. പക്ഷെ അവർക്ക് സമയവും അവസരവും ലഭിക്കാതിരുന്നത് കൊണ്ട് രാജ്യനിവാസികളുടെ നിർമ്മാണം നടത്തിയില്ല. ശേഷം വന്നവർ തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ കുടുങ്ങിപ്പോയി. നാം ആരുടെയും ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യുന്നില്ല. പക്ഷെ മാനവനിർമ്മാണം രാജ്യത്ത് നടന്നിട്ടില്ല എന്നത് ഒരു സത്യമാണ്. ഇപ്പോൾ ഈ ജോലി നാമെല്ലാവരുടെയും കർത്തവ്യമാണ്. ഇത് ഏറ്റെടുത്ത് രാജ്യം മുഴുവനും ഇതിന്റെ ശബ്ദമുയർത്തുക. നാം രാജ്യത്തോട് വിളിച്ച് ഇപ്രകാരം പറയുക:

അല്ലയോ മനുഷ്യരേ, നിങ്ങൾ മനുഷ്യരാകുക. പരസ്പരം ആദരിക്കാൻ പഠിക്കുക. മറ്റുള്ളവരുടെ ജീവനും സ്വത്തും അഭിമാനവും സംരക്ഷിക്കുക. ഇതിൽ നിന്നും നിങ്ങളെ ഇളക്കാനും ഭ്രാന്തന്മാരാക്കാനും ദുരുപയോഗപ്പെടുത്താനും പലരും പരിശ്രമിക്കും. പക്ഷെ, നിങ്ങൾ അതിനൊന്നും വശംവദരാകുകയില്ലെന്ന് ഉറച്ച തീരുമാനം

എടുക്കുക. എല്ലാവരും ന്യായമായ വഴികളിലൂടെ വളരാനും ഉയരാനും മത്സരിച്ച് പരിശ്രമിക്കുക. എല്ലാവരുടെയും ഉയർച്ച മറ്റുള്ളവരുടെയും ഉയർച്ചയാണെന്ന് മനസ്സിലാക്കുക. വർഗ്ഗീയതയും അക്രമങ്ങളും ദുഃസ്വഭാവങ്ങളും എന്നെന്നേക്കുമായി വർജ്ജിക്കുക. ഓരോ മനുഷ്യനെയും പടച്ചവന്റെ അനുഗ്രഹവും സ്വന്തം സഹോദരനുമായി കാണുക. സഹോദരന് സന്തോഷമില്ലെങ്കിൽ എനിക്കും ഒരു സന്തോഷവുമുണ്ടാകില്ലെന്നും മറ്റുള്ളവരുടെ ദുഃഖത്തിൽ ഞാൻ ഒരിക്കലും സന്തോഷിക്കുകയില്ലെന്നും ഉറച്ച തീരുമാനമെടുക്കുക. ഈയൊരു മഹദ് ഗുണം നാം പഠിക്കുകയും പകർത്തുകയും ചെയ്താൽ നാം എല്ലാം പഠിച്ചിരിക്കുന്നുവെന്ന് മനസ്സിലാക്കുക.!

**നിസാമുദ്ദീൻ സംഭവം:**

രാജ്യം മുഴുവനും കൊറോണ വൈറസിന്റെ ഭീതി പടർന്നപ്പോൾ തുടക്കത്തിൽ ഇത് വലിയൊരു പ്രശ്നമല്ല എന്ന് പറഞ്ഞ ഗവൺമെന്റ് പതുക്കെ ഗൗരവം ഉണർത്തുകയും നിയമങ്ങൾ കർശനമാക്കുകയും ചെയ്തു. ഇതെല്ലാം വളരെ ആവശ്യമായത് തന്നെയായിരുന്നു. എന്നാൽ പെട്ടെന്ന് ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിലൂടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ധാരാളമാളുകൾ കുടുങ്ങിപ്പോയി. ഇത് പോലെ ഡൽഹിയിലും പരിസരത്തും കഴിഞ്ഞിരുന്ന കുറെ സഹോദരങ്ങൾ നിസാമുദ്ദീനിലെ മദ്റസ കാശിഫുൽ ഉലൂമിലും ബംഗ്ലാവാലി മസ്ജിദിലും വന്ന് കുടുങ്ങുകയുണ്ടായി. ബന്ധപ്പെട്ടവർ അവരെ കുറിച്ച് അപേക്ഷ സമർപ്പിക്കുകയും വിവിധ നാടുകളിലേക്ക് അയയ്ക്കാൻ അവർ തന്നെ പല സജ്ജീകരണങ്ങളും നടത്തിയെങ്കിലും ലോക്ക്ഡൗൺ കാരണം അത് പരിഗണിക്കപ്പെട്ടില്ല. എന്നാൽ ഇതിനിടയിൽ ധാരാളം ആളുകളെ പല സ്ഥലത്ത് നിന്നും അവരുടെ നാടുകളിലെത്തിക്കുകയുണ്ടായി. ന്യൂഡൽഹിയിൽ നിന്നും ഇസ്റാഈലിലേക്കും കേരളത്തിൽ നിന്നും ബ്രിട്ടണിലേക്കും ലോക്ക്ഡൗണിനിടയിൽ ആളുകളെ കൊണ്ടുപോയി. കൂടാതെ കേരളത്തിലടക്കം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നാടുകളിലേക്ക് പോകാൻ ജനങ്ങൾ തിരക്ക് കൂട്ടുകയും കൂട്ടങ്ങൾ കൂടുകയും ചെയ്തു. പക്ഷെ ഇവയൊന്നും കാണുകയോ കണ്ടതായി ഭാവിക്കുകയോ ചെയ്യാത്ത മാധ്യമങ്ങൾ നിസാമുദ്ദീനിൽ കുടുങ്ങിപ്പോയ ആളുകളെ വലിയ പാപികളായും അക്രമികളായും

ചിത്രീകരിക്കുകയും അതിന്റെ പേരിൽ തബ്ലീഗ് പ്രവർത്തനത്തെ മാത്രമല്ല, ഇസ്‌ലാമിനെയും മുസ്‌ലിംകളെയും പലരും നിന്ദിക്കുകയും പരിഹസിക്കുകയും ചെയ്തു. ഇന്നലെ വരെയും നാമെല്ലാവരും ചെയ്തിരുന്ന ഹസ്തദാനവും ആലിംഗനവും നിലവിലുള്ള സാഹചര്യത്തിൽ പാടില്ലായെന്നുള്ളത് ശരി തന്നെ, അവിടെയും ഇവിടെയും മാലിന്യങ്ങൾ തള്ളുക എന്നുള്ളത് മുഴുവൻ ഇന്ത്യക്കാരുടെയും പൊതു ശൈലിയാണ്. ഇതും തിരുത്തണമെന്നതിൽ യാതൊരു സംശയവുമില്ല. എന്നാൽ ഇതിനെയെല്ലാം മുസ്‌ലിംകളുടെ സ്വഭാവമാക്കി സമൂഹത്തിൽ മുഴുവനും വലിയ വിള്ളലുണ്ടാക്കാൻ പലരും അറിഞ്ഞോ അറിയാതെയോ പരിശ്രമിച്ചു. ഇതിന്റെ പേരിൽ ധാരാളം സാധുക്കൾ വിവിധ സ്ഥലങ്ങളിൽ നിന്ദിക്കപ്പെടുകയും പരിഹസിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഈയൊരു അവസ്ഥ ഏതെങ്കിലും ഒരു സംഘടനയ്ക്കോ സമുദായത്തിനോ മാത്രമല്ല, രാജ്യത്തിന് മുഴുവനും അത്യന്തം അപകടകരമാണെന്നും എല്ലാവരും ഉണരേണ്ടിയിരിക്കുന്നു. അറിയുക, അക്രമങ്ങളും അപരാധനങ്ങളും അപവാദങ്ങളും നുണക്കഥകളും കൊണ്ട് ഒരു പത്രവും ചാനലും സംഘടനയും പാർട്ടിയും സമുദായവും വ്യക്തിയും ഒന്നും യഥാർത്ഥത്തിൽ വളരുന്നതല്ല. അക്രമങ്ങളിലൂടെ അക്രമങ്ങൾ വളരുകയും അവസാനം സർവ്വനാശമായി പരിണമിക്കുകയും ചെയ്യുന്നതാണ്.